## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : *58 — 11-12-2012-ൽ മറുപടിക്ക്

### വൈദ്യുതി ഉപയോഗം പരിമിതപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ<br>,, ഇ. ചന്ദ്രശേഖരൻ<br>" കെ. രാജു | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വീടുകളിലെ പ്രതിമാസ വൈദ്യുതി ഉപഭോഗം ഇരുന്നൂറ് യൂണിറ്റായി പരിമിതപ്പെടുത്താൻ വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഇല്ല. എന്നാൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായി, ദ്വൈമാസ ഉപയോഗം 400 യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലും, അതിനുമുകളിലുള്ള ഉപയോഗത്തിനു വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വിലയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളനിരക്കില ും വൈദ്യുതിനൽകുവാൻ അനുവദിക്കണമെന്ന് വൈദ്യുതിബോർഡ്, സംസ്ഥാന വൈദ്യുതി റഗുലേറ്ററികമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) ഇരുന്നൂറ് യൂണിറ്റിന് മുകളിലുള്ള ഗാർഹിക വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും അധിക ചാർജ്ജ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അധിക ചാർജ്ജ് ഈടാക്കുന്നതിനാണ് തീരുമാനിച്ചത്; | (ബി) രണ്ടുമാസത്തേക്ക് 400 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക്. വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വിലയ്ക്ക് ആനുപാതികമായുള്ള നിരക്ക് അനുവദിക്കണമെന്നാണ്, വൈദ്യുതി ബോർഡ്, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. |

(സി) വ്യവസായങ്ങൾക്ക് എത്ര ശതമാനം പവർകട്ട് ഏർപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഈ തീരുമാനം എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട വ്യാവസായിക പദ്ധതികൾക്ക് ബാധകമാണോ;

(സി) വ്യവസായങ്ങൾക്ക് പവർക്കട്ട് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടില്ല എന്നാൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് എല്ലാ വ്യാവസായിക ഉപഭോക്താക്കളുംകമ്മീഷൻ അംഗീകരിച്ച നിരക്കിലുള്ള വൈദ്യുതിയുടെ ഉപഭോഗം മുൻവർഷത്തെ ഉപഭോഗത്തിന്റെ 75% ആയി നിജപ്പെടുത്തണമെന്നും കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതലായി വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വിലയെ അടിസ്ഥാനപ്പെടുത്തിനിരക്ക് നിശ്ചയിച്ചു തരണമെന്നും വൈദ്യുതി ബോർഡ്, റെഗുലേറ്ററി കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

നിലവിലുള്ള വൈദ്യുതി പ്രതിസന്ധി മഴയുടെ കുറവുമൂലമായതിനാൽ നിലവിലുള്ള നിയന്ത്രണങ്ങൾ അടുത്ത കാലവർഷാരംഭത്തോടുകൂടി പിൻവലിക്കാൻകഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ എമർജിങ്ങ് കേരളയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് നിയന്ത്രണങ്ങൾ തടസ്സമാകുമെന്ന് കരുതുന്നില്ല.

(ഡി) വൈദ്യുതി ബോർഡിന്റെ ഇത്തരം തീരുമാനങ്ങൾക്ക് മേൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി മാത്രമേ, വൈദ്യുതി ബോർഡിന്, സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളു. റഗുലേറ്ററി കമ്മീഷൻ 09.10.2012 ലെ അതിന്റെ ഇടക്കാല ഉത്തരവിലൂടെ വൈദ്യുതി ഉപയോഗത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വടക്കു കിഴക്കൻ കാലവർഷത്തിന്റെ ലഭ്യതകൂടി കണക്കിലെടുത്തതിനുശേഷം മാത്രമേ ടി. വിഷയത്തിന്മേൽ അന്തിമ തീരുമാനം എടുക്കുകയുള്ളുവെന്ന്, കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തിന്മേൽ 2012 ഡിസംബർ മാസം 10-ാം തീയതി,പൊതു തെളിവെടുപ്പ് നടത്താൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്

ഈ തെളിവെടുപ്പിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ, കമ്മീഷൻ അന്തിമതീരുമാനം എടുക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ